**കേരളസർക്കാർ**
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in

---

**പത്രക്കുറിപ്പ് ‘ഭരണഭാഷ-മാതൃഭാഷ’ 2017 മേയ് 18 വ്യാഴം**

# വോട്ടർപട്ടിക പുതുക്കുന്നു

ആലപ്പുഴ: ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിലെ തൃക്കുന്നപ്പുഴ ഡിവിഷനിലെ ഉപതെരഞ്ഞെടുപ്പിനോടനുബന്ധിച്ച് വോട്ടർ പട്ടിക പുതുക്കുന്നു. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ഏഴു മുതൽ 12 വരെയുള്ള വാർഡുകളിലെ വോട്ടർ പട്ടികയാണ് പുതുക്കുന്നത്. 2017 ജനുവരി ഒന്നിന് 18 വയസു തികഞ്ഞവർക്ക് വോട്ടർപട്ടികയിൽ പേരു ചേർക്കാം. വോട്ടർ പട്ടികയുടെ കരട് മേയ് 20ന് പ്രസിദ്ധീകരിക്കും. ജൂൺ മൂന്നുവരെ അവകാശവാദവും ആക്ഷേപവും സമർപ്പിക്കാം. ജൂൺ 15ന് അവകാശവാദങ്ങളിലും ആക്ഷേപത്തിലും തീർപ്പ് കൽപ്പിക്കും. അന്തിമ വോട്ടർപട്ടിക ജൂൺ 17ന് പ്രസിദ്ധീകരിക്കും.

(പി.എൻ.എ. 1109/17)

# മുട്ടക്കോഴിക്കുഞ്ഞ് വിതരണം

ആലപ്പുഴ: ആയാപറമ്പ് മൃഗാശുപത്രിയിൽ 45-60 ദിവസം പ്രായമായ സങ്കരയിനം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു. രാവിലെ ഒമ്പതിന് വിതരണം ആരംഭിക്കും. വിശദവിവരത്തിന് ഫോൺ: 8714340873.

(പി.എൻ.എ. 1110/17)

# ഡ്രൈവർ ഗ്രേഡ്-2: പ്രായോഗിക പരീക്ഷ മേയ് 23നും 24നും

ആലപ്പുഴ: വിവിധ വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ് -2(കാറ്റഗറി നമ്പർ 16/2014(നേരിട്ട്), 17/2014(ബി/റ്റി) തസ്തികയ്ക്കായി പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്കായി 2016 ജൂലൈ 18 മുതൽ 25 വരെ പ്രായോഗിക പരീക്ഷ നടത്തിയിരുന്നു. ഇതിൽ ബാഡ്ജിന്റെ ന്യൂനത മൂലം പങ്കെടുപ്പിക്കാതിരുന്നതും ഹാജരാകാതിരുന്നതുമായ ഉദ്യോഗാർഥികൾക്ക് രണ്ടാംഘട്ട പ്രായോഗിക പരീക്ഷയിൽ പങ്കെടുക്കാം. മേയ് 23, 24 തീയതികളിൽ രാവിലെ ആറിന്

ആലപ്പുഴ ബീച്ച് റോഡിലുള്ള റിക്രിയേഷൻ മൈതാനത്താണ് പ്രായോഗിക പരീക്ഷ. ഉദ്യോഗാർഥികൾക്ക് എസ്.എം.എസ്. മുഖേനയും ഒ.റ്റി.ആർ. പ്രൊഫൈൽ വഴിയും അറിയിപ്പ് നൽകിയിട്ടുണ്ട്. ഉദ്യോഗാർഥികൾ സ്വന്തം പ്രൊഫൈലിൽനിന്നും ഡൗൺലോഡ് ചെയ്ത അഡ്മിഷൻ ടിക്കറ്റ്, ഡ്രൈവിങ് ലൈസൻസിന്റെ അസൽ എന്നിവ സഹിതം ഹാജരാകണം. തെരഞ്ഞെടുപ്പു പ്രകിയയുടെ എല്ലാ ഘട്ടങ്ങളിലും ഡ്രൈവിങ് ലൈസൻസ് സാധുവാണെന്ന് തെളിയിക്കുന്നതിന് ആർ.റ്റി. ഓഫീസിൽനിന്നു ലഭിച്ച ലൈസൻസ് പർട്ടിക്കുലേഴ്സ് ഹാജരാക്കണം.

(പി.എൻ.എ. 1111/17)

# എഴുപുന്ന പഞ്ചായത്ത് ഉപതെരഞ്ഞെടുപ്പ്: സീതമ്മയ്ക്ക് വിജയം, 34 വോട്ടിന്റെ ഭൂരിപക്ഷം

ലപ്പുഴ: എഴുപുന്ന ഗ്രാമപഞ്ചായത്തിലെ കുമാരപുരം വാർഡിലേക്കു നടന്ന ഉപതെരഞ്ഞെടുപ്പിൽ സി.പി.ഐ.എമ്മിലെ സീതമ്മ 34 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചു. സീതമ്മയ്ക്ക് 307 വോട്ടും സ്വതന്ത്ര സ്ഥാനാർഥി ഹൈമാവതിക്ക് 273 വോട്ടും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ എ.വി. ഷൺമുഖന് 238 വോട്ടും ബി.ജെ.പി.യുടെ പുരുഷോത്തമന് 156 വോട്ടും ലഭിച്ചു. മൊത്തം 974 പേരാണ് വോട്ട് രേഖപ്പെടുത്തിയത്.

ലഭിച്ച വോട്ട് സംബന്ധിച്ച വിവരങ്ങൾ
(സ്ഥാനാർഥിയുടെ പേര്, രാഷ്ട്രീയ പാർട്ടി, ലഭിച്ച മൊത്തം വോട്ട്, ബൂത്ത് ഒന്നിൽ ലഭിച്ച വോട്ട്, ബൂത്ത് രണ്ടിൽ ലഭിച്ച വോട്ട് എന്ന ക്രമത്തിൽ)

സീതമ്മ (സീത ടീച്ചർ) സി.പി.ഐ.എം.-307, 148, 159
ഹൈമാവതി(സ്വതന്ത്ര)-273, 135, 138
എ.വി. ഷൺമുഖൻ(ഐ.എൻ.സി.)-238, 73, 165
പുരുഷോത്തമൻ(ബി.ജെ.പി.)-156, 125, 31

(പി.എൻ.എ. 1112/17)

# സർക്കാരിന്റെ ഒന്നാംവാർഷികാഘോഷം: ഉദ്യോഗസ്ഥതല യോഗം നാളെ

ആലപ്പുഴ: ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഒന്നാംവാർഷികാഘോഷങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനായുള്ള ഉദ്യോഗസ്ഥതല യോഗം നാളെ(മേയ് 20) ഉച്ചകഴിഞ്ഞ് മൂന്നിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരുമെന്ന് ജില്ലാ കളക്ടർ വീണ എൻ. മാധവൻ അറിയിച്ചു. എല്ലാ വകുപ്പുകളുടെയും ജില്ലാതല ഉദ്യോഗസ്ഥർ, വിവിധ കോർപറേഷൻ, ബോർഡ് ജില്ലാതല മേധാവികൾ, നഗരസഭ സെക്രട്ടറിമാർ, തഹസിൽദാർമാർ തുടങ്ങിയവർ പങ്കെടുക്കണം. കഴിഞ്ഞ ഒരുവർഷത്തെ പ്രവർത്തന റിപ്പോർട്ട് ജില്ലാ ഇൻഫർമേഷൻ ഓഫീസിനു നൽകിയിട്ടില്ലാത്ത വകുപ്പുകൾ അടിയന്തരമായി നൽകണമെന്ന് കളക്ടർ അറിയിച്ചു.

(പി.എൻ.എ. 1113/17)

# മോട്ടിവേറ്റർ നിയമനം: കൂടിക്കാഴ്ച 23ന്

ആലപ്പുഴ: മത്സ്യമേഖലയിലെ മാനവശേഷി വികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന സോഷ്യൽ മൊബിലൈസേഷൻ പദ്ധതിയുടെ ഭാഗമായി മോട്ടിവേറ്റർമാരെ താത്കാലികമായി നിയമിക്കുന്നതിന് മേയ് 23ന് കൂടിക്കാഴ്ച നടത്തും. രാവിലെ 11ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലാണ് കൂടിക്കാഴ്ച. 32 മോട്ടിവേറ്റർമാരെയാണ് നിയമിക്കുക. മേയ് 17നു നടത്താൻ തീരുമാനിച്ച കൂടിക്കാഴ്ചയ്ക്ക് അപേക്ഷ നൽകിയവർക്കൊപ്പം പുതിയ അപേക്ഷകർക്കും പങ്കെടുക്കാം. വിശദവിവരത്തിന് ഫോൺ: 0477 2251103.

(പി.എൻ.എ. 1114/17)

# ഹരിതനിയമാവലി പാലിച്ച് കൂടുതൽ വിവാഹ ആഘോഷങ്ങൾ

## - ആഘോഷങ്ങളിൽ പ്രകൃതിയെ മറക്കാതിരിക്കാം

ആലപ്പുഴ: ഹരിതനിയമാവലി (ഗ്രീൻ പ്രോട്ടോക്കോൾ) പാലിക്കുന്ന വിവാഹ ആഘോഷ ചടങ്ങുകൾ ജില്ലയിൽ വ്യാപിക്കുന്നു. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി പ്രകൃതിയെയും പരിസ്ഥിതിയെയും മലിനമാക്കാതെ ആഘോഷങ്ങൾ നടത്താനുള്ള നടപടികളാണ് വിവാഹ ആഘോഷങ്ങളിൽ ഹരിത നിയമാവലി പാലിക്കുന്നതിന് പ്രചോദനമാകുന്നത്.

ജില്ലാഭരണകൂടവും ശുചിത്വമിഷനും ചേർന്ന് നടപ്പാക്കിയ ആദ്യ ഹരിതകല്യാണത്തിന് മുൻകൈ എടുത്തത് അമ്പലപ്പുഴ താലൂക്ക് എസ്.എൻ.ഡി.പി. യൂണിയന് കീഴിലുള്ള 241-ാം നമ്പർ ശാഖയിലെ അരുണും അഞ്ജുരാജുമാണ്. അമ്പലപ്പുഴ താലൂക്ക് എസ്.എൻ.ഡി.പി. യൂണിയൻ സെക്രട്ടറി എൻ.കെ. പ്രേമാനന്ദന്റെ നേതൃത്വത്തിൽ എസ്.എൻ.ഡി.പി. യോഗവും അറവുകാട് ക്ഷേത്രയോഗം ഭരണസമിതിയുമാണ് പിന്തുണനൽകിയത്. ജില്ലാ കളക്ടർ വീണ എൻ. മാധവൻ ചടങ്ങിൽ പങ്കെടുത്ത് ദമ്പതികൾക്ക് ജില്ലാഭരണകൂടത്തിന്റെ അനുമോദന സാക്ഷ്യപത്രവും നൽകി.

ഇതിൽ നിന്നു പ്രചോദനമുൾക്കൊണ്ട് മേയ് 14ന് അറവുകാട് ക്ഷേത്രത്തിൽ ഹരിതനിയമാവലി പാലിച്ച് വട്ടത്തറവീട്ടിൽ ആർഷനാഥും സർപ്പക്കണ്ടത്തിൽ ലാൽജി മോഹനും വിവാഹസൽക്കാരം നടത്തി. അറവുകാട് ക്ഷേത്രത്തിൽ ആഘോഷങ്ങൾ ബുക്ക് ചെയ്യുന്നവർ ഗ്രീൻ പ്രോട്ടോക്കോൾ ചട്ടം പാലിക്കണമെന്ന കർശന നിർദേശം ക്ഷേത്രയോഗം ഭാരവാഹികൾ നൽകുന്നു. ചട്ടം പാലിക്കാത്തവർക്ക് ബുക്കിങ് സ്വീകരിക്കേണ്ടെന്ന നിലപാടിലാണ് ഭാരവാഹികൾ.

ആലപ്പുഴ രൂപതയിൽ ഉൾപ്പെട്ട പറവൂർ സെന്റ് ജോസഫ് ഫൊറോനാ പള്ളിയിൽ മേയ് 15ന് പറവൂർ വെളിയിൽ വീട്ടിൽ റോബിനും കൊല്ലം പുതുക്കാട് കുറുവേലിൽ ജസ്റ്റിന്റെ മകൾ ആഷ്‌ലി ജസ്റ്റിനും വിവാഹിതരായപ്പോൾ സത്കാര ആഘോഷങ്ങൾ ഹരിതനിയമാവലി പാലിച്ചായിരുന്നു. ഹരിതനിയമാവലി പാലിച്ച് പള്ളിയിൽ നടത്തിയ ആദ്യവിവാഹമാണിത്.

വിവാഹ ആഘോഷങ്ങളിൽ ഡിസ്പോസിബിൾ ആയ സാധനങ്ങൾ പൂർണമായും ഒഴിവാക്കുകയും അലങ്കാരങ്ങൾക്ക് തെർമോക്കോൾ, പ്ലാസ്റ്റിക് പൂക്കൾ, ഡിസ്പോസിബിൾ പാത്രങ്ങൾ, ഫ്ളക്സ് എന്നിവ ഒഴിവാക്കുകയും ചെയ്തു. ജൈവമാലിന്യം അതാതിടങ്ങളിൽ തന്നെ സംസ്കരിക്കും. ആഘോഷങ്ങൾക്കുശേഷം പ്ലാസ്റ്റിക് മാലിന്യം ഒട്ടും ഇല്ലാത്ത സാഹചര്യം സൃഷ്ടിച്ച് സമൂഹത്തിന് മാതൃകയായാവും.

ജില്ലയിലെ വിവിധയിടങ്ങളിൽ നിന്നും ധാരാളം പേർ ഹരിതനിയമാവലി പ്രകാരം ആഘോഷങ്ങൾ നടത്തുന്നതിന് താത്പര്യം പ്രകടിപ്പിച്ച് മുന്നോട്ടുവരുന്നുണ്ട്. എസ്.എൻ.ഡി.പി. അമ്പലപ്പുഴ യൂണിയൻ ഹരിതനിയമാവലിയെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നതിന് യൂണിയനിലെ എല്ലാവീടുകളിലും ലഘുലേഖ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ജില്ലാ ഭരണകൂടത്തിന്റെയും ശുചിത്വമിഷന്റെയും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾക്ക് പൂർണപിന്തുണ നൽകുമെന്നും അറിയിച്ചിട്ടുണ്ട്. തദ്ദേശഭരണവകുപ്പ് മന്ത്രി സംസ്ഥാനത്തെ മുസ്ലീം സംഘടനകളുടെ യോഗം വിളിച്ചുചേർത്ത് പള്ളികളിൽ റംസാൻ നോമ്പുതുറ നടക്കുമ്പോൾ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണമെന്ന് അഭ്യർഥിച്ചിരുന്നു.

(പി.എൻ.എ. 1115/17)

// അവസാനിച്ചു//